"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

എൻ.സി.സി - ജീവനക്കാര്യം- വകുപ്പുതലവന്റെ ആവശ്യത്തിലേയ്ക്കായി 2012 ൽ അനുവദിച്ച വോക്സ് വാഗൺ വെന്റോ കാർ എൻ.സി.സി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1044/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 18/08/2020

പരാമർശം:- 1 1-2-2012 ലെ ജി . ഒ ( ആർ . ടി ) 220/2012/ ഉവിവ നം ഉത്തരവ്

2 20-7-2018 ലെ ജി . ഒ ( എം . എസ് ) 171/2018/ ഉവിവ നം ഉത്തരവ്

3 എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 12-11-2018 ലെ 7235/പി3-പബ്/2017/എൻ.സി.സി നം കത്ത്

4. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 27-7-2020 ലെ 7535/പി2-പബ്/2018/എൻ.സി.സി നം കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവുപ്രകാരം എൻ . സി . സി വകുപ്പിന്റെ തലവനായ അഡീഷണൽ ഡയറക്ടർ ജനറലിന് വേണ്ടി വോക്സ് വാഗൺ വെന്റോ കാർ വാങ്ങുന്നതിന് അനുമതി നൽകുകയും അതിൻപ്രകാരം കാർ വാങ്ങുകയും ചെയ്തിരുന്നു.

2. പിന്നീട് പ്രസ്തുത വാഹനത്തിന്റെ സാങ്കേതിക തകരാറുകണക്കിലെടുത്ത് പരാമർശം (2) ലെ ഉത്തരവു പ്രകാരം എൻ . സി . സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന് പുതിയ ടയോട്ട ഇന്നോവ ( ക്രിസ്റ്റ - 2.4 ബേസ് മോഡൽ ) വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.

3. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം എൻ . സി . സി വകുപ്പ് തലവൻ ഉപയോഗിച്ചുവന്ന വോക്സ് വാഗൺ വെന്റോ കാർ കണ്ടം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചപ്പോൾ, പ്രസ്തുത വാഹനം കണ്ടം ചെയ്യാവുന്ന അവസ്ഥയിൽ ആയിട്ടില്ലാത്തതിനാൽ, ആവശ്യമായ അറ്റകുറ്റപണി നടത്തി മറ്റേതെങ്കിലും വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പി . ഡബ്ല്യൂ . ഡി മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർദ്ദേശിച്ചു. അതിൻപ്രകാരം പ്രസ്തുത വാഹനത്തിൽ ചെറിയ തോതിലുള്ള അറ്റകുറ്റപണി നടത്തുകയും, അത് മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

4. അതേ സമയം, എൻ.സി.സി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർക്ക്,കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഔദ്യോഗിക വാഹനം കാലാവധി കഴിഞ്ഞതിനാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ എൻ.സി.സി ഡയറക്ടറേറ്റിൽ

പുതുതായി ചുമതലയേൽക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ ജനറലിന് നിലവിൽ വാഹനം ഇല്ലാത്ത അവസ്ഥ കണക്കിലെടുത്ത്, മേൽപ്പറഞ്ഞ വോക്സ് വാഗൺ വെന്റോ കാർ ( നം. KL-01 BF 2377) ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.സി.സി ഡയറക്ടറേറ്റിലെ കേന്ദ്ര വിഭാഗത്തിലെ ഡ്രൈവറെ ടി വാഹനത്തിനായി താൽക്കാലികമായി ഉപയോഗിക്കുന്നതാണെന്നും അഡീഷണൽ ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ലെ ഉത്തരവു പ്രകാരം എൻ . സി . സി വകുപ്പിന്റെ തലവനുവേണ്ടി അനുവദിച്ച വോക്സ് വാഗൺ വെന്റോ കാർ ( വാഹന നം : KL-01 BF 2377), എൻ.സി.സി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ ഔദ്യോഗിക ആവശ്യത്തിന്, കേന്ദ്ര സർക്കാർ പുതിയ വാഹനം അനുവദിക്കുന്നതു വരെ, ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

6. ഈ വാഹനത്തിന്റെ ഉപയോഗത്തിനും അറ്റകുറ്റപ്പണിക്കും വേണ്ടിവരുന്ന ചെലവുകൾ പൂർണ്ണമായും എൻ.സി.സി ഡയറക്ടറേറ്റിലെ കേന്ദ്ര വിഭാഗത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**തരുണ്‍ലാല്‍.എസ്.**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ &ഇ), കേരള, തിരുവനന്തപുരം.

ധനവകുപ്പ്

പൊതുമരാമത്തു വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ